"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - **2023** ലെ ബെസ്റ്റ് ഇൻസ്റ്റിറ്റൂഷൻ അവാർഡ് നൽകുന്നതിനായി നോമിനേറ്റ് ചെയ്യപ്പെട്ട ഇ.എസ്.ഐ ആശുപത്രികൾ/ഡിസ്പെൻസറികൾ സന്ദർശിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധിയായി തൊഴിലും നൈപുണ്യവും വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. അനിൽകുമാർ എസ്-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**475/2025/LBR** തീയതി,തിരുവനന്തപുരം, **09-04-2025**

പരാമർശം:-
1. **01.11.2024** ലെ സ.ഉ.(സാധാ) നം.**1126/2024**/തൊഴിൽ.
2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ **21.03.2025, 04.04.2025** തീയതികളിലെ ബി4-**2402/23**/ഡിഐഎംഎസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മികച്ച സേവനം കാഴ്ച്ചവെക്കുന്ന ഇഎസ്ഐ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ബെസ്റ്റ് ഇൻസ്റ്റിറ്റൂഷൻ അവാർഡ് നൽകുന്നതിനായി പരാമർശം 1 പ്രകാരം പുനഃസംഘടിപ്പിച്ച കമ്മിറ്റിയിൽ തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി അംഗമാണ്. **2023** ലെ ബെസ്റ്റ് ഇൻസ്റ്റിറ്റൂഷൻ അവാർഡിനായി നോമിനേറ്റ് ചെയ്യപ്പെട്ട വകുപ്പിലെ ചുവടെ ചേർത്തിരിക്കുന്ന ഇഎസ്ഐ ഡിസ്പെൻസറി/ആശുപത്രികൾ സന്ദർശിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധിയെ ചുമതലപ്പെടുത്തണമെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

| **മേഖല** | **നോമിനേറ്റ് ചെയ്യപ്പെട്ട ഇഎസ്ഐ ആശുപത്രികൾ** | **നോമിനേറ്റ് ചെയ്യപ്പെട്ട ഇഎസ്ഐ ഡിസ്പെൻസറികൾ** | **സന്ദർശിക്കാൻ നിശ്ചയിച്ചിരിക്കുന്ന തീയതി** |
|---|---|---|---|
| ഉത്തര | 1. ഫറോക്ക് | 1. ചെറുവണ്ണൂർ - 1<br>2. ചെറുവണ്ണൂർ - 2 | ഏപ്രിൽ 10, 11 |

| | | | |
|---|---|---|---|
| മേഖല | 2. പാലക്കാട് | 3. എരഞ്ഞിപ്പാലം<br>( കോഴിക്കോട് ജില്ല) | |
| മദ്ധ്യ മേഖല | 1. എറണാകുളം<br>2. ഒളരിക്കര | 1. ഒളരിക്കര (NSR)<br>2. പൂങ്കുന്നം<br>( തൃശ്ശൂർ ജില്ല) | ഏപ്രിൽ 23, 24 |
| ദക്ഷിണ മേഖല | 1. പേരൂർക്കട | 1. പട്ടത്താനം<br>2. ആശ്രാമം<br>( കൊല്ലം ജില്ല) | ഏപ്രിൽ 28, 29 |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 2023 ലെ ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡിനായി നോമിനേറ്റ് ചെയ്യപ്പെട്ട ഇഎസ്ഐ ഡിസ്പെൻസറി/ആശുപത്രികൾ സന്ദർശിക്കുവാനായി കമ്മിറ്റിയിലെ തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധിയായി തൊഴിലും നൈപുണ്യവും വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. അനിൽകുമാർ എസ്-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. അനിൽകുമാർ എസ്, അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
പൊതുഭരണ [അക്കൗണ്ട്സ് (പി/ബഡ്ജറ്റ് വിംഗ് )] വകുപ്പ്.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഗവ. സെക്രട്ടറിയറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 09-04-2025 13:07:55
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.